**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 997** — **11.07.2011 ലെ മറുപടിക്ക്**

**പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ പ്രവേശനവുമായി ബന്ധപ്പെട്ട പരാതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.എൻ.എ. ഖാദർ**<br>**ശ്രീ. എം. ഉമ്മർ**<br>**ശ്രീ. സി. മമ്മുട്ടി**<br>**ശ്രീ. പി.കെ. ബഷീർ** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>**(സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)** |
| എ) | പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | എ) | പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ശ്രീ. സഞ്ജയ് ഗാർഗ് (ധന വിനിയോഗ സെക്രട്ടറി), ഡോ. വി. ഗീത (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ), ശ്രീ. കെ. വി. സുരേഷ് ബാബു (അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) സഹകരണ വകുപ്പ്) എന്നിവർ ഉൾപ്പെട്ട 3 അംഗ കമ്മിറ്റി അന്വേഷണം നടത്തി വരുന്നുണ്ട്. |
| ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ പ്രവേശനത്തിന് സംവരണ മാനദണ്ഡം പാലിക്കപ്പെട്ടിട്ടില്ലെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) | അത്തരം പരാതി ഉയർന്നു വന്നിട്ടില്ല. പ്രവേശന പരീക്ഷ കമ്മീഷണർ ആണ് വിദ്യാർത്ഥികളെ അലോട്ട് ചെയ്ത് നൽകുന്നത്. |
| സി) | മാനേജ്മെന്റ് ക്വോട്ട, എൻ.ആർ.ഐ. ക്വോട്ട എന്നിവയിലെ പ്രവേശനത്തിന് വൻതുക വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇത്തരം പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) | ഇപ്രകാരം വിദ്യാർത്ഥികളിൽ നിന്നും വാങ്ങുന്ന ഭീമമായ തുക അക്കൗണ്ടിൽ പ്പെടുത്താതെ തിരിമറി നടത്തുകയും സർക്കാരിന് വിട്ടുകൊടുക്കേണ്ട സീറ്റുകൾ വിട്ടുകൊടുക്കാതെ അവ വിറ്റ് കോടികൾ അൺ അക്കൗണ്ടഡ് ആയി സമാഹരിക്കുകയും ചെയ്തു എന്നതുൾപ്പെടെയുള്ള എല്ലാ ആരോപണങ്ങളും അന്വേഷിക്കുമോ? | ഡി) | എല്ലാ ആരോപണങ്ങളും സർക്കാരിന്റെ 09.06.2011-ലെ ജി.ഒ(ആർ.റ്റി) നമ്പർ 371/2011/സഹ പ്രകാരം ഹൈ ലെവൽ കമ്മിറ്റി അന്വേഷിച്ച് വരുന്നുണ്ട്. |

Rajendran

**സെക്ഷൻ ഓഫീസർ**